3. കേരള സംസ്ഥാന സാമൂഹ്യക്ഷേമ ഉപദേശക ബോർഡ്.

കേരള സംസ്ഥാന വനിതാ ക്ഷേമ ബോർഡ് എന്നൊരു സ്ഥാപനം ഈ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നില്ല.

22 (1751) സംസ്ഥാന വനിതാ ക്ഷേമബോർഡിന് ലഭിച്ച പരാതികൾ

ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വനിതാ ക്ഷേമബോർഡിൽ ഇതുവരെ സ്ത്രീകളുടെ പ്രശ്നം സംബന്ധിച്ച് എത്ര പരാതികൾ കിട്ടിയിട്ടുണ്ട്;

(ബി) ഇതിൽ ഭർത്താവ് ഉപേക്ഷിച്ചു പോവുക, ബലാൽസംഗം, ക്രൂരകൃത്യം, വിവാഹിതയാകാതെയുള്ള ഗർഭധാരണം, പോലീസുകാരുടെ ഉപദ്രവം, ജീവസന്ധാരണത്തിനുള്ള തൊഴിൽ എന്നിവ സംബന്ധിച്ച എത്ര പരാതികളും അപേക്ഷകളും കിട്ടിയിട്ടുണ്ട്;

(സി) ഈ ഓരോ ഗണത്തിലുംപെട്ട എത്ര അപേക്ഷകളിന്മേലും പരാതികളിന്മേലും തീരുമാനമെടുത്തു;

(ഡി) ഇതിൽ എത്ര തീരുമാനങ്ങൾ നടപ്പിലാക്കി?

ഉത്തരം

(എ)-(ഡി) വനിതാക്ഷേമം ലക്ഷ്യമാക്കി സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ താഴെപ്പറയുന്നവയാണ്.

1. കേരള വനിതാ കമ്മീഷൻ.
2. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ.
3. കേരള സംസ്ഥാന സാമൂഹ്യക്ഷേമ ഉപദേശക ബോർഡ്.

കേരള സംസ്ഥാന വനിതാ ക്ഷേമബോർഡ് എന്നൊരു സ്ഥാപനം ഈ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നില്ല.

23 (1752) അംഗൻവാടികളിലെ ജീവനക്കാർ

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന അംഗൻവാടികളുടേയും ബാലവാടികളുടേയും പ്രവർത്തനം സംബന്ധിച്ച് സർക്കാർ എന്തെങ്കിലും വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ വിശദമാക്കുമോ;

(സി) അംഗൻവാടികൾക്ക് കെട്ടിടം പണിയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) അംഗൻവാടി വർക്കർമാരുടേയും ഹെൽപ്പർമാരുടേയും സേവന-വേതന വ്യവസ്ഥകൾ എന്തൊക്കെയാണ്;

(ഇ) അംഗൻവാടി വർക്കർമാരുടേയും ഹെൽപ്പർമാരുടേയും സേവനം മുൻനിർത്തി ഇവർക്ക് നൽകിവരുന്ന വേതനത്തിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) അംഗൻവാടി വർക്കർമാരേയും ഹെൽപ്പർമാരേയും കുടുംബശ്രീ പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെങ്കിലും സഹായം നൽകാൻ പദ്ധതിയുണ്ടോ;

(ജി) കുടുംബശ്രീ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗൻവാടി ജീവനക്കാരിൽ വർക്കർമാർക്ക് എന്തെങ്കിലും ആനുകൂല്യം ഇപ്പോൾ നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(എച്ച്) എങ്കിൽ ഈ ആനുകൂല്യം ഹെൽപ്പർമാർക്കും നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന അംഗൻവാടികളുടെ പ്രവർത്തനത്തെ സംബന്ധിച്ച് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും എല്ലാ മാസങ്ങളിലും വിലയിരുത്തൽ നടത്താറുണ്ട്. ബാലവാടികൾ ഈവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നതല്ലാത്തതിനാൽ അതിനെക്കുറിച്ച് വിലയിരുത്തൽ നടത്താറില്ല.

(ബി) അംഗൻവാടികളിൽ എത്തുന്ന കുട്ടികളുടെ എണ്ണം, അംഗൻവാടികൾ എത്ര ദിവസങ്ങളിൽ തുറന്നുപ്രവർത്തിച്ചു, എത്ര ദിവസങ്ങളിൽ ഭക്ഷണ വിതരണം നടത്തി, പ്രതിരോധ കുത്തിവയ്പുകൾ നടത്തിയതിന്റെ വിശദാംശങ്ങൾ, ഭവന സന്ദർശനം, ഉദ്യോഗസ്ഥന്മാരുടെ സന്ദർശനം, കുട്ടികളുടെ ആരോഗ്യപോഷണ നിലവാരം, മഹിളാ സമാജങ്ങളുടെ പ്രവർത്തനങ്ങൾ, പൊതുജനസഹകരണം, സംഭാവന, ജനന മരണ വിശദാംശങ്ങൾ എന്നിവയെല്ലാം പ്രതിമാസം വിലയിരുത്താറുണ്ട്.

(സി) 1.4.98 മുതൽ അംഗൻവാടി കെട്ടിടനിർമ്മാണം ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ളതിനാൽ കെട്ടിട നിർമ്മാണം ഗ്രാമപഞ്ചായത്തുകളാണ് നടത്തിവരുന്നത്.

(ഡി) ഐ.സി.ഡി.എസ്. ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. അംഗൻവാടി ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾക്ക് രൂപം നൽകുന്നത് കേന്ദ്ര സർക്കാരാണ്. വർക്കർക്ക് വേതനം നൽകുന്നത് മെട്രിക്കുലേറ്റ്, നോൺ മെട്രിക്കുലേറ്റ് അഞ്ച് വർഷത്തെ പ്രവൃത്തിപരിചയത്തിന് ഒരു ഇൻക്രിമെന്റ് എന്നീക്രമത്തിൽ വേർതിരിച്ചിട്ടുണ്ട്. ഇതിനുപുറമേ ഇവർക്ക് സർക്കാർ ജീവനക്കാർക്ക് നൽകുന്നതുപോലെ 20 ദിവസത്തെ കാഷ്വൽ ലീവ്, വിദേശത്തുപോകുന്നതിന് ശമ്പളം ഇല്ലാത്ത 3 വർഷം വരെയുള്ള അവധി, ശമ്പളത്തോടുകൂടിയ 90 ദിവസത്തെ പ്രസവാവധി (2 പ്രസവത്തിനു മാത്രം) തുടങ്ങിയവയും നൽകിവരുന്നു. കൂടാതെ ഉത്സവബത്ത, ഓണം അഡ്വാൻസ്, യാത്രാബത്ത, വെൽഫെയർ ഫണ്ട് എന്നിവയും

LIBRARY ARCHIVES Kerala Legislative Assembly

പ്രാബല്യത്തിൽ ഉണ്ട്. ഇവരുടെ പ്രധാനപ്പെട്ട സേവനങ്ങൾ സർവ്വേ നടത്തി ഗുണഭോക്താക്കളെ കണ്ടെത്തുക, 3 വയസ്സു മുതൽ 6 വയസ്സുവരെയുള്ള കുട്ടികൾക്ക് അനൗപചാരിക വിദ്യാഭ്യാസം നൽകുക, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, 6 വയസ്സിനു താഴെയുള്ള കുട്ടികൾ എന്നിവർക്ക് പോഷകാഹാരവിതരണം നടത്തുക, ഐ.സി.ഡി.എസ്-ൽ ആരോഗ്യ സേവനങ്ങൾ നടത്തുന്നതിന് ആരോഗ്യപ്രവർത്തകരെ സഹായിക്കുക, ആരോഗ്യപോഷണ വിദ്യാഭ്യാസം നൽകുക, ഭവനസന്ദർശനം നടത്തി ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിപ്പിക്കുക, അംഗൻവാടി പ്രവർത്തനങ്ങളിൽ സഹായിക്കാൻ സാധിക്കുന്ന സ്ഥാപനങ്ങളുമായി നല്ല ബന്ധം സ്ഥാപിക്കുക എന്നിവയാണ്.

അംഗൻവാടി പ്രവർത്തകരുടെ പ്രതിമാസ വേതനം താഴെപ്പറയും പ്രകാരമാണ്

		കേന്ദ്രവിഹിതം	സംസ്ഥാന വിഹിതം	ആകെ
I.	അംഗൻവാടി വർക്കർ			
1.	നോൺ മെട്രിക്കുലേറ്റ്	458	200	638
2.	നോൺ മെട്രിക്കുലേറ്റ് അഞ്ച് വർഷം സേവനം ഉള്ളവർ	469	200	669
3.	നോൺ മെട്രിക്കുലേറ്റ് (10 വർഷം സേവനം ഉള്ളവർ)	500	200	700
4.	മെട്രിക്കുലേറ്റ്	500	200	700
5.	മെട്രിക്കുലേറ്റ് (5 വർഷം സേവനം ഉള്ളവർ)	531	200	731
6.	മെട്രിക്കുലേറ്റ് (10 വർഷം) സേവനമുള്ളവർ)	563	200	763
II.	ഹെൽപ്പർ	260	200	460

(ഇ) അംഗൻവാടി പ്രവർത്തകരുടെ ശമ്പളം പരിഷ്കരിക്കേണ്ടത് പ്രധാനമായും കേന്ദ്രസർക്കാരാണ്. ഇവരുടെ ശമ്പളം പരിഷ്കരിക്കണമെന്നുള്ള നിവേദനങ്ങളുടെ വെളിച്ചത്തിൽ കേന്ദ്രസർക്കാർ നൽകുന്ന ഓണറേറിയത്തിനുപുറമേ സംസ്ഥാന സർക്കാരിന്റെ വിഹിതമായി അംഗൻവാടി ജീവനക്കാർക്ക് പ്രതിമാസം 200 രൂപ നിരക്കിൽ അധികവേതനവും നൽകുന്നുണ്ട്. ഇപ്പോഴുള്ള നിരക്കിൽ വർദ്ധനവ് വരുത്താൻ തൽക്കാലം നിർദ്ദേശമൊന്നുമില്ല.

(എഫ്)&(ജി) കുടുംബശ്രീ പദ്ധതിയുടെ നടത്തിപ്പിനായി സ്ത്രീകളെ സംഘടിപ്പിക്കുന്നതിലേക്ക് അംഗൻവാടി വർക്കർമാരെ നിയോഗിക്കാറുണ്ട്. അതിന് വർക്കർമാർക്ക് 100 രൂപ വരെ പ്രതിമാസം ഓണറേറിയം നൽകാൻ പഞ്ചായത്തുകൾക്ക് അനുവാദം നൽകിയിട്ടുണ്ട്.

(എച്ച്) കുടുംബശ്രീ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഹെൽപ്പർമാരെ നിയോഗിച്ചിട്ടില്ലാത്തതിനാൽ ഈ ആനുകൂല്യം അവർക്ക് കൂടി നൽകുന്ന കാര്യം ഇപ്പോൾ ആലോചനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly